# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഡിസംബർ 19**

**December 19**

**2018**

*1193 ധനു 4*

# പത്രക്കുറിപ്പ് -1

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

---

**വനിതാ കമ്മീഷൻ അദാലത്ത്**

സംസ്ഥാന വനിതാ കമ്മീഷൻ ജനുവരി 15ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 10.30 മുതൽ മെഗാ അദാലത്ത് നടത്തും. (പിഎൻപി 4107/18)

**ഐഎച്ച്ആർഡിയിൽ കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റിന്റെ (ഐഎച്ച്ആർഡി) ആഭിമുഖ്യത്തിൽ ജനുവരിയിൽ ആരംഭിക്കുന്ന പിജിഡിസിഎ, ഡിസിഎ, ഡിഡിറ്റിഒഎ, സിസിഎൽഐഎസ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറവും കൂടുതൽ വിവരവും www.ihrd.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ ജനുവരി 10ന് മുമ്പ് അതത് സ്ഥാപനമേധാവിക്ക് നൽകണം. ഫോൺ: 0471 2322985, 2322501.

(പിഎൻപി 4108/18)

**സാമൂഹ്യസുരക്ഷാ പെൻഷൻ: അപ്പീൽ സ്വീകരിക്കും**

മൈലപ്ര ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് നൽകിയിരുന്ന അപേക്ഷകൾ നിരസിക്കപ്പെട്ടവർക്കുള്ള അപ്പീലുകൾ ഈ മാസം 22വരെ പഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കും. അപ്പീലുകൾ തീർപ്പാക്കുന്നതിനായി 27ന് അദാലത്ത് നടത്തുമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 4103/18)

## 'യുവത വനിതാമതിലിനൊപ്പം'
## നവോത്ഥാന സംഗമത്തിന്റെ ക്രമീകരണങ്ങൾ വിലയിരുത്തി

സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നാളെ (21ന്) കോഴഞ്ചേരിയിൽ നടക്കുന്ന 'യുവത വനിതാമതിലിനൊപ്പം' നവോഥാന സംഗമത്തിന്റെ ക്രമീകരണങ്ങൾ വിലയിരുത്തി. എഡിഎം പി.ടി എബ്രഹാമിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ വിവിധ സർക്കാർ വകുപ്പുകളും, തദ്ദേശഭരണ സ്ഥാപനങ്ങളും ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ വിശകലനം ചെയ്തു. വനിതാമതിലിന് കേരള യുവതയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് സി. കേശവൻ നഗറിൽ (കോഴഞ്ചേരി ബസ് സ്റ്റാൻഡ് മൈതാനം) നവോഥാനസംഗമം സംഘടിപ്പിക്കുന്നത്. പതിനായിരത്തോളം പേർ നവോത്ഥാനസംഗമത്തിൽ പങ്കെടുക്കുമെന്ന് സംസ്ഥാന യുവജന കമ്മീഷനംഗം കെ.യു ജനീഷ്കുമാർ അറിയിച്ചു. നവോഥാന സംഗമത്തിന്റെ ഭാഗമായി കോഴഞ്ചേരി പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നവോഥാന ചിത്ര പ്രദർശനം നടക്കുന്നുണ്ട്. സംഗമത്തിന്റെ പ്രചരണാർത്ഥം നവോഥാന കലാജാഥകൾ ജില്ലയിലുടനീളം പര്യടനം നടത്തികൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ഇന്ന് (20ന്) വൈകിട്ട് നാലിന് കോഴഞ്ചേരി സി. കേശവൻ സ്ക്വയറിൽ നിന്നും നവോഥാന സംഗമ നഗരിയിലേക്ക് കൂട്ടയോട്ടം സംഘടിപ്പിച്ചിട്ടുണ്ട്. കൂട്ടയോട്ടം പത്തനംതിട്ട എസ്പി ടി. നാരായണൻ ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് സമ്മേളന നഗരിയിൽ സംസ്ഥാന യുവജനകമ്മീഷൻ അധ്യക്ഷ ചിന്താ ജെറോം ദീപം തെളിയിക്കും. നാളെ (21ന്) ജില്ലയിലെ നവോഥാന ചരിത്രം ഉറങ്ങുന്ന സ്മാരകങ്ങളിൽ നവോഥാന ദീപശിഖാ ജാഥകൾ പര്യടനം ആരംഭിച്ച് സംഗമ നഗരിയിലേയ്ക്ക് പുറപ്പെടും. മുക്കൂത്തി സമരം നടന്ന പന്തളം ചന്തയിൽ നിന്നും പന്തളം മുനിസിപ്പൽ ചെയർപേഴ്സൺ ടി.കെ സതി ജാഥാ ലീഡർ യുവനടൻ അനന്തു ഷാജിക്ക് കൈമാറുന്ന ദീപശിഖയും, മൂലൂർ സ്മാരകത്തിൽ നിന്നും മുൻ എംഎൽഎ കെ.സി രാജഗോപാൽ ജാഥാ ലീഡർ യുവനടൻ ദിപുലിന് കൈമാറുന്ന ദീപശിഖയും, പൊയ്കയിൽ കുമാരഗുരുദേവൻ സമാരകത്തിൽ നിന്നും ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് അനസൂയദേവി യുവകവി ജിനു കൊച്ചുപ്ലാമൂട്ടിലിന് കൈമാറുന്ന ദീപശിഖയും, മല്ലപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് റെജി ശാമുവൽ യുവകവി കാശിനാഥന് കൈമാറുന്ന ദീപശിഖയും ജില്ലയിലെ നവോഥാന സ്മാരകങ്ങളിലൂടെ പര്യടനം നടത്തി ജാഥകളായി ഉച്ചയ്ക്ക് രണ്ടിന് തെക്കേമലയിൽ സംഗമിച്ച് സംഗമ നഗരിയിൽ എത്തിച്ചേരും. 2:30 മുതൽ 'കനവ്' നവോഥാന കലാമേള കോഴഞ്ചേരി പഞ്ചായത്ത് മൈതാനത്ത് അരങ്ങേറും. വൈകിട്ട് മൂന്നിന് നവോഥാന മഹാസംഗമം നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന യുവജനകമ്മീഷൻ അധ്യക്ഷ ചിന്താ ജെറോം അധ്യക്ഷത വഹിക്കുന്ന സംഗമത്തിൽ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, കെപിഎംഎസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ, യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തും. എംഎൽഎമാരായ വീണാജോർജ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, മാത്യു ടി. തോമസ്, ജില്ലാ കളക്ടർ പി.ബി നൂഹ്, ഇന്ത്യൻ ഫുട്ബോൾ താരം സി.കെ വിനീത്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ, സംസ്ഥാന യുവജനകമ്മീഷൻ സെക്രട്ടറി ഡി. സന്തോഷ്കുമാർ, യുവജനകമ്മീഷനംഗം അഡ്വ. കെ.യു ജനീഷ്കുമാർ, സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു, കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഫണ്ട് ബോർഡ് ചെയർമാൻ അഡ്വ.കെ.അനന്തഗോപൻ, പിഎസ്സി അംഗം അഡ്വ. റോഷൻ റോയി മാത്യു, മാധ്യമപ്രവർത്തകൻ അഭിലാഷ് മോഹൻ, കെ.പി ഉദയഭാനു, കെഎസ്എഫ്ഇ ചെയർമാൻ അഡ്വ. ഫിലിപ്പോസ് തോമസ്, പിന്നോക്ക വികസന കോർപ്പറേഷൻ ഡയറക്ടർ എ.പി ജയൻ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. ടി.കെ.ജി നായർ,

സാഹിത്യകാരൻ എസ് കലേഷ്, അഭിനേത്രി മല്ലികാ സുകുമാരൻ, യുവനടന്മാരായ ദിപുൽ മനോഹർ, അനന്തു ഷാജി, യുവ കവികളായ ജിനു കൊച്ചുപ്ലാമൂട്ടിൽ, കാശിനാഥൻ തുടങ്ങിയവർ സംസാരിക്കും.

യോഗത്തിൽ പ്രോഗ്രാം കമ്മിറ്റി കൺവീനർ സംഗേഷ് ജി. നായർ, യുവജനകമ്മീഷൻ ജില്ലാ കോർഡിനേറ്റർ എം. അനീഷ്കുമാർ, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാംമോഹൻ, വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4104/18)

## എയ്ഡ്സ് ബോധവത്ക്കരണ കലാജാഥ തുടങ്ങി

ജില്ലാ മെഡിക്കൽ ഓഫീസിന്റെയും സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി യുടെയും സംയുക്താഭിമുഖ്യത്തിൽ ജില്ലയിൽ സംഘടിപ്പിച്ചിട്ടുള്ള എയ്ഡ്സ് ബോധവത്ക്ക രണ കലാജാഥയ്ക്ക് തുടക്കമായി. പത്തനംതിട്ട ജനറൽ ആശുപതിയിൽ കലാജാഥയുടെ ജില്ലാതല ഉദ്ഘാടനം നഗരസഭാധ്യക്ഷ അഡ്വ.ഗീതാസുരേഷ് നിർവഹിച്ചു. ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ സിന്ധു അനിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ.ഷീജ ബോധവത്ക്കരണ സന്ദേശം നൽകി. വാർഡ് അംഗം പി.കെ. ജേക്കബ്, ഡെപ്യൂട്ടി ഡിഎംഒ ഡോ.പി.എൻ.പത്മകുമാരി, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.സാജൻ മാത്യു, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എം.ആർ.അനിൽ കുമാർ എന്നിവർ സംസാരിച്ചു.

തുടർന്ന് തണ്ണീർമുക്കം സദാശിവൻ ബോധവത്ക്കരണ കഥാപ്രസംഗം നടത്തി. ജില്ല യിൽ 45 സ്ഥലങ്ങളിൽ ബോധവത്ക്കരണ കലാജാഥ നടത്തും.

(പിഎൻപി 4105/18)

## അപേക്ഷ ക്ഷണിച്ചു

മല്ലപ്പള്ളി കെൽട്രോൺ നോളജ് സെന്ററിൽ ആരംഭിച്ചിട്ടുള്ള പിജിഡിസിഎ, ഡിസിഎ, ഡാറ്റാഎൻട്രി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0469 2785525, 2975525, 8078140525. (പിഎൻപി 4106/18)

## സൗജന്യ പരിശീലനം

സംസ്ഥാന മത്സ്യ വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ ബാങ്ക് പരീക്ഷാ പരിശീലനം നൽകുന്നു. ബിരുദതലത്തിൽ 60 ശതമാനം മാർക്കോടെ വിജയിച്ചിരിക്ക ണം. അപേക്ഷാഫോറവും കൂടുതൽ വിവരവും ജില്ലാ ഫിഷറീസ് ഓഫീസിൽ ലഭിക്കും. അപേക്ഷ ഈ മാസം 31 വരെ ജില്ലാ ഫിഷറീസ് ഓഫീസിൽ സ്വീകരിക്കും. ഫോൺ: 0468 2223134. (പിഎൻപി 4107/18)

## കുളമ്പുരോഗ ചികിത്സയ്ക്കായി സ്പെഷ്യൽ ടീമിനെ നിയോഗിക്കണം: ചിറ്റയം ഗോപകുമാർ എംഎൽഎ

കുളമ്പുരോഗം വ്യാപിക്കാതിരിക്കുന്നതിനും അടിയന്തിര ചികിത്സ നൽകുന്നതിനുമായി സ്പെഷ്യൽ ടീമിനെ നിയോഗിക്കണമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ. കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എംഎൽഎയുടെ അധ്യക്ഷതയിൽ അടൂരിൽ ചേർന്ന വെറ്റിനറി ഡോക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്പെഷൽ ടീമിനെ ചികിത്സയ്ക്കായി നിയോഗിക്കുന്നത് സംബന്ധിച്ച് നിവേദനം മൃഗസംരക്ഷണ വകുപ്പ് മന്ത്രിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ജീവഹാനി സംഭവിച്ച കന്നുകാലികൾക്ക് നഷ്ടപരിഹാരമായി നൽകുന്ന തുക അമ്പതിനായിരം രൂപയായി വർധിപ്പിക്കണമെന്നും എംഎൽഎ ആവശ്യപ്പെട്ടു.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ബാബു എബ്രഹാം, ഡോ. ഹരികുമാർ, ഡോ.

സായി പ്രസാദ്, ഡോ. ശുഭാ പരമേശ്വരൻ, ഡോ ജൂലിയറ്റ് ബി. പിള്ള, ഡോ. ജി അനിത, ഡോ. കെ ജ്യോതിഷ് ബാബു, ഡോ. അനിൽ ജി. മാമൻ എന്നിവർ പങ്കെടുത്തു.

(പിഎൻപി 4108/18)

## കവിയൂർ പുഞ്ച ബഹുജന കൂട്ടായ്മയും അമ്മയ്ക്കൊരു അടുക്കളത്തോട്ടം ജില്ലാതല ഉദ്ഘാടനവും ഇന്ന് (20)

കവിയൂർ പുഞ്ച 23 വർഷങ്ങൾക്ക് ശേഷം കതിരണിയുന്നതിന്റെ ഭാഗമായി കവിയൂർ പുഞ്ച ബഹുജന കൂട്ടായ്മയും നെൽകർഷക സെമിനാറും ഇന്ന് രാവിലെ ഒമ്പതിന് നാട്ടുകടവ് പലിപ്ര ദേവീക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. ഇതോടനുബന്ധിച്ച് കൃഷി വകുപ്പ് നടപ്പാക്കുന്ന അമ്മയ്ക്കൊരു അടുക്കളത്തോട്ടം പദ്ധതിയുടെ ഉദ്ഘാടനവും നടക്കും. കൃഷി വകുപ്പ് മന്ത്രി വി.എസ്.സുനിൽകുമാർ പരിപാടികൾ ഉദ്ഘാടനം ചെയ്യും. മാത്യു ടി.തോമസ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എംഎൽഎമാരായ ആർ.രാമചന്ദ്രൻ, ഡോ. എൻ.ജയരാജ്, പ്രതിഭാ ഹരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, തിരുവല്ല നഗരസഭാ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ തോമസ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ റജി തോമസ്, ജില്ലാ പഞ്ചായത്തംഗം എസ്.വി.സുബിൻ, കവിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു, കൃഷി വകുപ്പ് ഡയറക്ടർ പി.കെ.ജയശ്രീ, കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ അഡ്വ.കെ.അനന്തഗോപൻ, വിവിധ തദ്ദേശഭരണ ഭാരവാഹികളായ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

പരിപാടിയോടനുബന്ധിച്ച് നെൽകൃഷിയിൽ അനുവർത്തിക്കേണ്ട നല്ല പരിചരണ മുറകൾ, സംയോജിത കീടരോഗ നിയന്ത്രണം നെൽകൃഷിയിൽ, നെല്ല് സംഭരണവും ഗുണമേന്മ മെച്ചപ്പെടുത്തലും എന്നീ വിഷയങ്ങളിൽ സെമിനാറുകൾ നടക്കും.

(പിഎൻപി 4109/18)

## പ്രത്യേക പത്രക്കുറിപ്പ്
## ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (20) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽ സ്റ്റോർ മൈലപ്ര പത്തനംതിട്ട, ദീപ മെഡിക്കൽസ് എലിയറയ്ക്കൽ കോന്നി, നന്മ മെഡിക്കൽസ് ആൻഡ് സർജിക്കൽസ് കോഴഞ്ചേരി, സാംകോ ഡ്രസ് ഹൗസ് അടൂർ, നീതി മെഡിക്കൽ സ്റ്റോർ കുളനട പന്തളം, ജനകീയ മെഡിക്കൽസ് തിരുവല്ല, സെന്റ് തോമസ് മെഡിക്കൽ സ്റ്റോർ റാന്നി, ഗ്രേസ് മെഡിക്കൽസ് വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 67/18)

## ഫോട്ടോ അടിക്കുറിപ്പ്

1) എയ്ഡ്സ് ബോധവത്ക്കരണ കലാജാഥ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നഗരസഭാധ്യക്ഷ അഡ്വ.ഗീതാസുരേഷ് ഉദ്ഘാടനം ചെയ്യുന്നു.
2) സംസ്ഥാന യുവജന കമ്മീഷന്റെ നേതൃത്വത്തിൽ കോഴഞ്ചേരിയിൽ നടത്തുന്ന നവോഥാന സംഗമത്തിന്റെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ നടന്ന യോഗം.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഡിസംബർ 19
December 19
2018

1193 ധനു 4

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വനിതാ മതിലിനു പൂർണ പിന്തുണ : ഡോ ഷാഹിദ കമാൽ**

നവോഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി സ്ത്രീകൾ മുന്നിട്ടിറങ്ങണമെന്നും കക്ഷിരാഷ്ട്രീയം, മതം, ജാതി, ഇവയുടെ പേരിൽ സ്ത്രീകളെ മാറ്റിനിർത്തേണ്ട കാര്യമില്ലെന്നും വനിതാ കമ്മീഷനംഗം ഡോ ഷാഹിദ കമാൽ. തിരുവല്ല വൈഎംസിഎ ഹാളിൽ നടന്ന വനിതാ കമ്മീഷൻ മെഗാ അദാലത്തിൽ പരാതികൾ പരിഹരിക്കുകയായിരുന്നു കമ്മീഷനംഗം.

സ്ത്രീ പുരുഷ സമത്വത്തിന്റെ ആശയങ്ങളെ സമൂഹത്തിന്റെ മുന്നിൽ തുറന്നു കാണിക്കേണ്ടത് അത്യാവശ്യമാണ്. നവോഥാന മൂല്യങ്ങളെയും മതനിരപേക്ഷ ആശയങ്ങളെയും സ്ത്രീ പുരുഷ സമത്വത്തെയും കടന്നാക്രമിക്കുന്നതിലൂടെ തെറ്റായ സന്ദേശമാണ് സമൂഹത്തിന് ലഭ്യമാകുന്നത്. ഇതിന്റെ പശ്ചാത്തലത്തിലാണ് വനിതാ മതിൽ പോലെയുള്ള ആശയങ്ങൾ ഉയർന്നു വന്നത്. വനിതാ മതിലിന് പൂർണ്ണ പിന്തുണ നൽകുമെന്ന് കമ്മീഷനംഗം പറഞ്ഞു.

ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഒരു കാര്യത്തിലും സ്ത്രീകളെ മാറ്റി നിർത്തേണ്ട കാര്യമില്ല. വിദ്യാഭ്യാസം, ജോലി, വിശ്വാസം, മതം തുടങ്ങി എല്ലാ കാര്യങ്ങളിലും സ്ത്രീയും പുരുഷനും ഒരു പോലെയാണ്. സാക്ഷരതയിൽ ഇന്ത്യയുടെ മുഖമായി ഉയർത്തി കാണിക്കാൻ മാതൃകയാണ് കേരളം. ആ കേരളത്തിൽ സ്ത്രീകൾ ഒന്നിച്ചു നിന്നു കൊണ്ട് വനിതാ മതിലിന് പൂർണ പിന്തുണ നൽകണമെന്നും കമ്മീഷനംഗം പറഞ്ഞു.

അദാലത്തിൽ ആകെ 82 പരാതികളാണ് പരിഗണനയ്ക്കെത്തിയത്. ഇതിൽ 19

എണ്ണം തീർപ്പാക്കി. നാലെണ്ണം പോലീസ് ഉൾപ്പടെയുള്ള വിവിധ വകുപ്പുകളുടെ റിപ്പോർട്ടിനായി കൈമാറി. ഏഴ് പരാതികൾ ആർഡിഒയ്ക്ക് റിപ്പോർട്ടിനായും കൈമാറി. നാല് പേരെ കൗൺസിലിംഗിന് വിധേയമാക്കും. 38 പരാതികൾ അടുത്ത അദാലത്തിൽ തുടർ പരിഗണന നടത്തും.

കമ്മീഷൻ ഇൻസ്പെക്ടർ എം.സുരേഷ് കുമാർ, അഭിഭാഷകരായ അഡ്വ എസ് സബീന, അഡ്വ.കെ.ജെ സീന, അഡ്വ. എസ് സീമ, വനിത സെൽ എസ് ഐ എ.ആർ ലീലാമ്മ, സി പി ഒ എൻ ദീപ്തി, കൗൺസിലർമാരായ അഞ്ചു തോമസ്, രമ്യ കെ പിള്ള തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു. (പിഎൻപി 4110/18)

## സംരംക്ഷണം തേടി വയോധിക വനിതാ കമ്മീഷൻ അദാലത്തിൽ

ഹൃദ്രോഗവും ശാരീരിക-മാനസിക ബുദ്ധിമുട്ടുകളും നേരിടുന്ന വയോധികയ്ക്ക് ആവശ്യമായ സംരക്ഷണമൊരുക്കാൻ വനിതാ കമ്മീഷന്റെ നിർദേശം. രണ്ടു മക്കളുള്ള, 75 വയസായ അമ്മിണി തോമസാണ് സംരംക്ഷണവും സുരക്ഷയും തേടി വനിതാ കമ്മീഷൻ അദാലത്തിൽ എത്തിയത്. കോഴഞ്ചേരി സ്വദേശിനിയായ അമ്മിണി ഇളയ മകന്റെ ഒപ്പമാണ് താമസം. ഈ വൃദ്ധയുടെ പേരിൽ ഉണ്ടായിരുന്ന 25 സെന്റ് സ്ഥലം ഭാഗം വച്ചതിനെ തുടർന്നാണ് പ്രശ്നങ്ങളുടെ തുടക്കം. മൂത്ത മകന് അഞ്ച് സെന്റും, ഇളയ മകന് 15 സെന്റ് സ്ഥലവുമാണ് ഭാഗം വച്ചത്. മൂത്ത മകന് കൊടുത്ത അഞ്ച് സെന്റും തന്റെ പേരിലുള്ള അഞ്ച് സെന്റും ആവശ്യപ്പെട്ട് ഇളയ മരുമകൾ നിരന്തരം ദേഹോപദ്രവം ഏൽപ്പിക്കുമായിരുന്നുവെന്നും, മകന്റെ മുന്നിൽ പോലും മരുമകൾ ക്രൂരമായി മർദിക്കുമായിരുന്നുവെന്നും അമ്മിണി കമ്മീഷനെ അറിയിച്ചു. ഡിസംബർ നാലിന് മരുമകൾ ക്രൂരമായി മർദിച്ച് വീട്ടിൽ നിന്ന് ഇറക്കി വിടുകയും, തന്റെ സാധന സാമഗ്രികൾ തീയിട്ട് നശിപ്പിക്കുകയും ചെയ്തുവെന്ന് അമ്മിണി പറഞ്ഞു. ഉടുതുണിയുമായി വീടുവിട്ടിറങ്ങിയ അമ്മിണി മൂത്ത മകനോടൊപ്പമാണ് ഇപ്പോൾ താമസം. നിരന്തരമുണ്ടായ ബഹളത്തെത്തുടർന്ന് കോഴഞ്ചേരി നാലാം വാർഡ് മെമ്പർ റെജി തോമസാണ് അമ്മിണിയെയും, മൂത്ത മകനെയും കൂട്ടി കമ്മീഷന് മുന്നിൽ ഹാജരായത്. പരാതി പരിഗണിച്ച കമ്മീഷനംഗം അടിയന്തര നടപടികളുടെ ഭാഗമായി ആറന്മുള എസ് എച്ച് ഒ ബി അനിലിനെ വിളിച്ച് അമ്മിണി നൽകിയ പരാതിയിൽ അടിയന്തര നടപടി സ്വീകരിച്ച് 14 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ നിർദേശം നൽകി. അമ്മിണിയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് എല്ലാ സുരക്ഷ ഉറപ്പാക്കുമെന്നും കമീഷനംഗം പറഞ്ഞു. കമ്മീഷന് മുന്നിൽ അമ്മിണിയെ ഹാജരാക്കുന്നതിന് സമയവും സഹായവുമൊരുക്കിയ പഞ്ചായത്ത് വാർഡ് മെമ്പറെ കമ്മീഷൻ അഭിനന്ദിച്ചു. പ്രായമായ മാതാപിതാക്കളെ വഴിയിൽ ഉപേക്ഷിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കമ്മീഷൻ പറഞ്ഞു.

(പിഎൻപി 4111/18)

## ടെൻഡർ

റാന്നി ശിശുവികസന പദ്ധതി ആഫീസിലേക്ക് ആവശ്യമുള്ള ഫർണിച്ചർ വിതരണം ചെയ്യുന്നതിന് ടെൻഡർ/റീടെൻഡർ ക്ഷണിച്ചു. ഫോൺ: 04735 221568.

(പിഎൻപി 4112/18)

## നാല് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം

ജില്ലയിലെ നാല് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതിയോഗം അംഗീകാരം നൽകി. റാന്നി ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളായ മലയാലപ്പുഴ, കുളനട, വെച്ചൂച്ചിറ എന്നിവയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. നേരത്തെ മൂന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീ

കാരം നൽകിയിരുന്നു. ഇതോടെ ജില്ലയിൽ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് അംഗീകാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം ഏഴായി. 2019-20 വർഷത്തെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധി ഡിസംബർ 31 ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. പുതിയ വർഷത്തെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിൽ ജില്ല സംസ്ഥാനത്തെ മറ്റ് ജില്ലകളെ അപേക്ഷിച്ച് പിന്നാക്കം പോയിട്ടുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകാൻ എല്ലാ തദ്ദേശഭരണ ഭാരവാഹികളും പ്രത്യേക ശ്രദ്ധ ചെലുത്തണം. പദ്ധതി തുക വിനിയോഗത്തിലും ജില്ല അൽപ്പം പിന്നോട്ടുപോയിട്ടുണ്ട്. ഇക്കാര്യത്തിലും പ്രത്യേക ശ്രദ്ധ ആവശ്യമാണെന്നും പ്രസിഡന്റ് പറഞ്ഞു.

62 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി ഭേദഗതികൾക്കും യോഗം അംഗീകാരം നൽകി.

ആസൂത്രണ സമിതി അംഗങ്ങളായ ആർ.ബി.രാജീവ് കുമാർ, വിനീതാ അനിൽ, കെ.ജി.അനിത, സാം ഈപ്പൻ, ലീലാ മോഹൻ, എൻ.ജി.സുരേന്ദ്രൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദരലാൽ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 4113/18)

## സ്കോളർഷിപ്പ് വിതരണം

2018ൽ എസ്എസ്എൽസി/എച്ച്എസ്ഇ/വിഎച്ച്എസ്ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ അധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് ഈ മാസം 31ന് രാവിലെ 10.30ന് കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂളിൽ നടക്കും. വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും യഥാസമയം എത്തണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. (പിഎൻപി 4114/18)

## അടൂർ പോലീസ് ക്യാമ്പിൽ പുതിയ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കും: ചിറ്റയം ഗോപകുമാർ എംഎൽഎ

അടൂർ വടക്കടത്തുകാവ് കെഎപി ബറ്റാലിയൻ ക്യാമ്പിൽ പുതിയ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ. പോലീസ് ക്യാമ്പിലെ മാലിന്യ സംസ്കരണ പ്ലാന്റ് ചോർന്ന് മലിനജലം ജലസ്രോതസിൽ കലർന്ന് പ്രദേശവാസികൾക്ക് ഗുരുതര പ്രശ്നങ്ങളുണ്ടാക്കിയ സാഹചര്യത്തിലാണ് കെഎപി ബറ്റാലിയൻ ക്യാമ്പിൽ പുതിയ പ്ലാന്റ് നിർമിക്കുന്നതിനുള്ള സാധ്യത തേടുന്നത്. പുതിയ പ്ലാന്റ് നിർമിക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട് ലഭ്യമാക്കും. ഇന്നലെ കളക്ടറേറ്റിൽ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് പ്ലാന്റ് നിർമാണം സംബന്ധിച്ച തീരുമാനം എടുത്തത്. ഇതിന്റെ ഭാഗമായി ഇന്ന് (20) രാവിലെ 10ന് മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ്, റവന്യൂ വകുപ്പ്, പോലീസ് ഡെപ്യൂട്ടി കമാൻഡന്റ്, പഞ്ചായത്ത് എന്നിവരുടെ നേതൃത്വത്തിൽ പോലീസ് ക്യാമ്പ് സന്ദർശിച്ച് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കും. പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ശുചിത്വമിഷൻ ആണ്. ഈ റിപ്പോർട്ടും എസ്റ്റിമേറ്റും പ്രൊജക്ട് തയ്യാറാക്കുന്നതിനായി ഏറത്ത് ഗ്രാമപഞ്ചായത്തിന് കൈമാറും.

1200ഓളം പോലീസുകാരാണ് ക്യാമ്പിൽ ഉള്ളത്. താൽക്കാലികമായി നിലവിലെ പ്ലാന്റിന് സമീപത്ത് വലിയ ഒരു സോക്ക്പിറ്റ് കുഴിച്ച് മാലിന്യം അതിലേക്കാണ് ഒഴുക്കിവിടുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി പ്രദേശവാസികളുടെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാനാണ് ശ്രമിക്കുന്നതെന്ന് എംഎൽഎ പറഞ്ഞു.

യോഗത്തിൽ എഡിഎം പി.ടി എബ്രഹാം, അടൂർ ആർഡിഒ എം.എ റഹീം, ഏറത്ത് പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന വിജയകുമാർ, സെക്രട്ടറി എം. സുചിത്രാദേവി, തഹസിൽദാർ കെ. ഓമനക്കുട്ടൻ, കെഎപി മൂന്നാം ബറ്റാലിയൻ എസ്ഐ വി.ആർ റജി ബാലചന്ദ്രൻ, ഡിഎംഒ ഡോ. എ.എൽ ഷീജ, ഡെപ്യൂട്ടി ഡിഎംഒ ഡോ.സി.എസ് നന്ദിനി, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ കെ. രശ്മിമോൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4115/18)

## മാതൃകയാകുന്ന പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ

സമഗ്രശിക്ഷ കേരളയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെയും നേതൃത്വത്തിൽ പഞ്ചായത്തുതലത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസ സമിതികൾ പ്രവർത്തനനക്ഷമവും കാര്യക്ഷമവുമാക്കാനുള്ള പദ്ധതിക്ക് തുടക്കമാകുന്നു. ഇതുമായി ബന്ധപ്പെട്ട് കോന്നി ബി.ആർ.സി യുടെ കീഴിലുള്ള പ്രമാടം ഗ്രാമപഞ്ചായത്തിൽ ഒരു മാതൃക പഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം പ്രസിഡന്റ് റോബിൻ പീറ്ററുടെ അധ്യക്ഷതയിൽ ചേർന്നു. സമഗ്രശിക്ഷ കേരളയുടെ മാർഗനിർദേശങ്ങൾക്കനുസരിച്ചാണ് വിദ്യാഭ്യാസസമിതിയുടെ ഘടനയും ഉള്ളടക്കവും പ്രവർത്തന നടപടിക്രമങ്ങളും നടപ്പാക്കിയത്. പ്രമാടം പഞ്ചായത്ത് വിദ്യാഭ്യാസസമിതി യോഗത്തിന്റെ അനുഭവങ്ങളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതികളും പുനഃസംഘടിപ്പിക്കുകയും അവ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ജനുവരി ആദ്യവാരം മുതൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും പുനഃസംഘടിപ്പിക്കപ്പെടുന്ന വിദ്യാഭ്യാസ സമിതികളുടെ യോഗങ്ങൾ ചേർന്ന് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തും. പരിഷ്‌ക്കരിച്ച മാർഗനിർദേശ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് അംഗങ്ങളും പങ്കെടുക്കും. പഞ്ചായത്തിലെ പ്രഥമാധ്യാപകർ, പി.ടി.എ യുടെ പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, പഞ്ചായത്ത് ഇംപ്ലിമെന്റിംഗ് ഓഫീസർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർ, ട്രെയിനർ, ഇതര വകുപ്പുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പഞ്ചായത്തു സമിതിയിലെ അംഗങ്ങളാവും. ഓരോ മാസവും പഞ്ചായത്തിൽ നടക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കും. ക്ലസ്റ്റർ സെന്റർ പ്രഥമാധ്യാപകൻ ഇത് യോഗത്തിൽ അവതരിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യും. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെയും സമഗ്രശിക്ഷ കേരളയുടെയും വിദ്യാഭ്യാസവകുപ്പിന്റെയും നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കും. ഓരോ മാസവും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയിൽ ഈ പ്രക്രിയ തുടരും.

ജില്ലയിൽ ആദ്യം നടന്ന മാതൃക പി.ഇ.സി യിൽ പ്രമാടം പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുലോചനാദേവി, സമഗ്രശിക്ഷ കേരളയുടെ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, ജില്ലാപഞ്ചായത്തംഗം എലിസബത്ത് അബു, കോന്നി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എൻ.എസ് രാജേന്ദ്രകുമാർ, ജില്ലാ പ്രോഗ്രാം ഓഫീസർ ജയലക്ഷ്മി എ.പി, സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ജാസ്കർഖാൻ തുടങ്ങിയവർ സംസാരിച്ചു. വിവിധ ബി.ആർ.സികളിൽ നിന്നും മാതൃകാ പി.ഇ.സി നിരീക്ഷിക്കാൻ പ്രതിനിധികൾ എത്തിയിരുന്നു. (പിഎൻപി 4116/18)

## ഫോട്ടോ അടിക്കുറിപ്പ്

1) തിരുവല്ലയിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ കമ്മീഷനംഗം ഷാഹിദ കമാൽ പരാതി കേൾക്കുന്നു.
2) വരട്ടാർ പുനരുജ്ജീവനത്തിന്റെ രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിൽ നടന്ന

യോഗത്തിൽ സജി ചെറിയാൻ എംഎൽഎ സംസാരിക്കുന്നു.

3) അടൂർ വടക്കടത്തുകാവ് കെഎപി ബറ്റാലിയൻ ക്യാമ്പിൽ പുതിയ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ചിറ്റയം ഗോപകുമാർ എംഎൽഎ സംസാരിക്കുന്നു.

4) പ്രമാടം ഗ്രാമപഞ്ചായത്തിൽ നടന്ന മാതൃക പഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഡിസംബർ 19<br>December 19 | 2018 |

*1193 ധനു 4*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**വരട്ടാർ പുനരുജ്ജീവനം രണ്ടാം ഘട്ടം :**
**മാസ്റ്റർ പ്ലാനുകൾ ഉടൻ തയാറാക്കാൻ തീരുമാനം**

വരട്ടാർ പുനരുജ്ജീവനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജൈവ വൈവിധ്യ പാർക്കുകൾ, പാലങ്ങൾ, ജലസേചന സംവിധാനങ്ങൾ എന്നിവയ്ക്കുള്ള മാസ്റ്റർ പ്ലാനുകൾ ഉടൻ തയാറാക്കാൻ സജി ചെറിയാൻ എംഎൽഎയുടെയും വീണാ ജോർജ് എംഎൽഎയുടെയും സാന്നിധ്യത്തിൽ ചെങ്ങന്നൂരിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. ഇതിനായി ജനുവരി മൂന്നിന് രാവിലെ 11ന് ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേരും. വരട്ടാർ കടന്നുപോകുന്ന വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനുവരി അഞ്ച് മുതൽ 15 വരെ പുനരുജ്ജീവനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർഡുതല യോഗങ്ങൾ ചേരും. ചെങ്ങന്നൂർ നഗരസഭ, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ 18 കിലോമീറ്റർ സർവെ ഇന്ന് (20) ആരംഭിക്കും. ഒരു മാസം കൊണ്ട് സർവെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സർവെയ്ക്കായി ചെങ്ങന്നൂർ നഗരസഭ രണ്ട് ലക്ഷം രൂപയും തിരുവൻവണ്ടൂർ പഞ്ചായത്ത് 3.72 ലക്ഷം രൂപയും ചെലവഴിക്കും. പത്തനംതിട്ട ജില്ലയിലെ കുറ്റൂർ പഞ്ചായത്തിലെ സർവെ ഈയാഴ്ച പൂർത്തിയാകും. കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളുടെ സർവെ പൂർത്തിയായിട്ടുണ്ട്. പുനരുജ്ജീവത്തിന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന നാല് പാലങ്ങളുടെ ടെൻഡർ നടപടികൾ ഫെബ്രുവരിയിൽ പൂർത്തീകരിക്കും. വരട്ടാറിന്റെ ഇരുവശങ്ങളിലുമായി നിർമിക്കുന്ന ജൈവ വൈവിധ്യ പാർക്കിന്റെ രൂപരേഖ തയാറാക്കുന്നതിന് എൻജിനീയറിംഗ്, ബിആർക്ക് അവ

സാന വിദ്യാർഥികൾക്കായി ഹരിതകേരളം മിഷൻ ക്യാമ്പ് സംഘടിപ്പിക്കും. വരട്ടാറിന്റെ കൈവഴികൾ ശുദ്ധീകരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ നടപടികൾ സ്വീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ജോജി ചെറിയാൻ, ഹരിതകേരളം മിഷൻ ആലപ്പുഴ ജില്ലാ കോ-ഓർഡിനേറ്റർ കെ.എസ്.രാജേഷ്, പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്റർ ആർ. രാജേഷ്, വരട്ടാർ പുനരുജ്ജീവന പദ്ധതി കോ-ഓർഡിനേറ്റർ ബീന ഗോവിന്ദൻ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ഐ.ജി.ഷിലു, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 4117/18)






**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**